ഉത്തരം

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് ഇക്കാര്യത്തിൽ അനുയോജ്യമായ പദ്ധതി സമർപ്പിക്കേണ്ടത്.

130 (2316) മെഡിക്കൽ കോളേജുകളിൽ പ്രൊഫസർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പ്രൊഫസർ തസ്തികയിലേക്ക് പ്രൊമോഷൻ കൊടുക്കുന്നത് ഡി.പി.സി.യുടെ തീരുമാന പ്രകാരമാണോ;

(ബി) ഓരോ വിഭാഗത്തിലും പ്രൊഫസർ തസ്തികയിൽ ഒഴിവ് വന്നാൽ എത്ര കാലത്തിനുള്ളിൽ ഡി.പി.സി. കൂടി പ്രൊമോഷനിലൂടെ ഒഴിവ് നികത്തുമെന്ന് വ്യക്തമാക്കുമോ;

(സി) ചില വിഭാഗങ്ങളിൽ ഡി.പി.സി. കൂടുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; അങ്ങനെ കാലതാമസം വരുത്തിയാൽ അർഹതപ്പെട്ടവർക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുകയും അതിലൂടെ മാനസിക തകർച്ചയും സാമ്പത്തിക നഷ്ടവും നേരിടുകയും ചെയ്യുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാലതാമസം വരുത്തുന്നത് ചിലർക്ക് പ്രത്യേക നേട്ടം ഉണ്ടാക്കിക്കൊടുക്കുന്നതിനും അർഹതപ്പെട്ട മറ്റു ചിലരെ മനഃപൂർവം ദ്രോഹിക്കുന്നതിനും വേണ്ടിയാണ് എന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 1.10.98 മുതൽ താൽക്കാലിക പ്രൊമോഷൻ നിർത്തിലാക്കിയതിനാൽ പ്രൊഫസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ വഴി നിയമനം കൊടുക്കുന്നത് ഡി.പി.സി. തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ്.

(ബി) കഴിയുന്നത്രവേഗത്തിൽ നടപടിക്രമം പൂർത്തിയായി. ഡി.പി.സി. കൂടി ഒഴിവുള്ള തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തിവരുന്നു.

(സി)&(ഡി) 1.10.98-ന് മുൻപ് ഒഴിവുകൾ നികത്തിയിരുന്നത് താൽക്കാലിക പ്രൊമോഷൻ നൽകിയാണ്. ഈ കാലയളവിൽ ഡി.പി.സി. യഥാസമയം കൂടിയിരുന്നില്ല. 1976 മുതലുള്ള ഡി.പി.സി. കൂടുവാനുണ്ടായിരുന്നതു കൊണ്ടാണ് ചില വിഭാഗങ്ങളിൽ താമസം നേരിടുന്നത്.

131 (2317) പോസ്റ്റ് ഗ്രാഡ്വേറ്റ് ഡോക്ടർമാരുടെ സേവനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസത്തിലേർപ്പെട്ടിരിക്കുന്ന പോസ്റ്റ് ഗ്രാഡ്വേറ്റ് ഡോക്ടർമാരുടെ സേവനം ഏതെല്ലാം ആശുപത്രികളിലാണ് പുതുതായി ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly